(ബി) മീനച്ചിലാർ, മണിമലയാർ, പമ്പ തുടങ്ങിയ നദികൾ കടന്നുപോകുന്ന പ്രസ്തുത മണ്ഡലത്തിൽ ഉൾനാടൻ മത്സ്യക്കൃഷിയുടെ സാദ്ധ്യത കണക്കിലെടുത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. ജനകീയ മത്സ്യക്കൃഷി, സുഭിക്ഷ കേരളം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ മത്സ്യക്കൃഷി രീതികൾ നടപ്പാക്കി വരുന്നുണ്ട്.

ഉൾനാടൻ മത്സ്യകൃഷി

274(2311) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യക്കൃഷിക്ക് സാധ്യതയുള്ള ജല സംഭരണികളേയും പൊതുജലാശയങ്ങളേയും കണ്ടെത്തി പ്രയോജനപ്പെടുത്തുവാൻ സാങ്കേതിക സർവ്വേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് 33291 ഹെക്ടർ വിസ്തീർണ്ണമുള്ള 47 ജലസംഭരണികളാണുള്ളത്. അതിൽ ഉൾനാടൻ മത്സ്യക്കൃഷിക്ക് സാദ്ധ്യതയുള്ള 27,661 ഹെക്ടർ വിസ്തീർണ്ണമുള്ള 40 ജലസംഭരണികളിൽ മത്സ്യക്കൃഷി നടത്താമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ എട്ട് റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട എന്റമിക് കാർപ്പ്, എന്റമിക് കാറ്റ് ഫിഷ്, കയിൽ മത്സ്യം, വരാൽ, കരിമീൻ, കൂപ്പ് തുടങ്ങിയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ 8 റിസർവോയറുകളിലായി മേൽപ്പറഞ്ഞ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 27,45,230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് പദ്ധതിയിടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി 22 റിസർവോയറുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യക്കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ RKI പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ബാണാസുരസാഗർ അണക്കെട്ടിൽ 320 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കൂടുകൃഷി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങളും കണ്ടെത്തിയിട്ടുണ്ട്. ആയതനുസരിച്ച് 8057.6 ഹെക്ടർ വിസ്തീർണ്ണമുള്ള 64291 ശുദ്ധജലകുളങ്ങളും 2420 ഹെക്ടർ വിസ്തീർണ്ണമുള്ള 2771 ഓരുജല കുളങ്ങളുമുണ്ട്. ഇതിൽ 5074 ഹെക്ടർ വിസ്തീർണ്ണമുള്ള 46369 ശുദ്ധജല കുളങ്ങളിലും 1120 ഹെക്ടർ വിസ്തീർണ്ണമുള്ള 1549 ഓരുജല കുളങ്ങളിലും ഇതിനകം മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യക്കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന 49077 ഹെക്ടർ വിസ്തീർണ്ണമുള്ള 1012 ശുദ്ധജല പാടശേഖരങ്ങളും 5237 ഹെക്ടർ വിസ്തീർണ്ണമുള്ള 908 ഓരുജലപാടശേഖരങ്ങളും ഉണ്ട്. ഇതിൽ 13300 ഹെക്ടർ വിസ്തീർണ്ണമുള്ള 211 ശുദ്ധജലപാട ശേഖരങ്ങളിലും 2295 ഹെക്ടർ വിസ്തീർണ്ണമുള്ള 381 ഓരുജല പാടശേഖരങ്ങളിലും ഇതിനകം മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളിലെ അനുയോജ്യമായ പ്രദേശങ്ങളിൽ 6159 യൂണിറ്റ് കൂടിലെ മത്സ്യകൃഷി, 11275 യൂണിറ്റ് കല്ലുമ്മേക്കായ/കടൽമുരിങ്ങ കൃഷി എന്നിവ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുയോജ്യമായ സ്ഥലങ്ങളിൽ 1842 ഓരുജലകൂട് മത്സ്യകൃഷിയും 1353 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിയും നടപ്പിലാക്കിയിരുന്നു. "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം" എന്ന കാമ്പയിന്റെ ഭാഗമായി മേൽ പ്രസ്താവിച്ച രീതിയിൽ കണ്ടെത്തിയ മുഴുവൻ ജലാശയങ്ങളിലും അടുത്ത മൂന്നുവർഷംകൊണ്ട് മത്സ്യക്കൃഷി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

275(2312) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാലയളവിൽ വരുമാനം നിലച്ച സാധാരണക്കാർ വ്യാപകമായി വീടുകളോടനുബന്ധിച്ച് മത്സ്യക്കൃഷി ആരംഭിച്ചിട്ടുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന ഇത് പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജൈവഗൃഹം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് മുഖേനയാണ് വിതരണം ചെയ്യുന്നത്.